# ഗുരുദക്ഷിണ



## ഗുരുദക്ഷിണ

എനിയ്ക്കു ശിഷ്യന്മാ
രനേകരെത്രയോ
മിടുമിടുക്കന്മാർ
പലേ തലത്തിലും

അറിവു നേടുവോ
നമരനായവ
ന്നറിവു നൽകുവോ
നതിലും ഭാഗ്യവാൻ

അലുപ്തമായെന്നു
മവശേഷിക്കുവാ
നതിലും മേലെന്തു
ധനം ലഭിയ്ക്കുന്നു

അവസരങ്ങളു
മനുഭവങ്ങളു
മതീത കാലവു
മയവിറക്കിയും

വഴിവക്കിൽ വണ്ടി
വരുന്നതും കാത്തു
വടക്കു നോക്കിയായ്
ഗുരുവരൻ നില്ക്കെ

ചവിട്ടു വണ്ടിയിൽ
കയറി വന്നൊരു
മിടുക്കനാം ശിഷ്യൻ
നിലത്തു കാൽകുത്തി

പുകച്ചുരുൾ പൊങ്ങും
സിഗററ്റു ചുണ്ടിൽ
കടിച്ചു കൊണ്ടേറ്റം
വിനീതനായ് ചൊല്ലി
വലിച്ചതിൻ ബാക്കി
വലിയ്ക്കുന്നോ സാറേ
വലച്ചിലാ വേറെ
വരുത്താൻ പാങ്ങില്ല.

■■■